പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2434

17-08-2017 ലെ മറുപടി

## കാലവർഷ കാലയളവിൽ മഴ കുറഞ്ഞതിനെപ്പറ്റി പഠനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ കാലവർഷ കാലയളവിൽ ലഭിക്കേണ്ടിയിരുന്ന മഴ കുറഞ്ഞത്, കുടിവെള്ള വിതരണത്തെയും കൃഷിക്കാവശ്യമായ ജലസേചനത്തെയും എപ്രകാരം ബാധിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ വർഷകാലയളവിൽ കേരളത്തിൽ ലഭിച്ചിരുന്ന മഴയിൽ ഉണ്ടായ കുറവ് കേരളത്തിലെ ജലസേചനത്തെയും കുടിവെള്ള വിതരണത്തെയും ബാധിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന ജലസംഭരണികളിലുള്ള ജലം പ്രധാനമായും കൃഷി ആവശ്യങ്ങൾക്കാണ് വിതരണം ചെയ്തിരുന്നതും ഉപയോഗിച്ച് വരുന്നതും. ജലസംഭരണികളുടെ വൃഷ്ടി പ്രദേശത്ത് മഴ കുറഞ്ഞതിനാൽ ജലസംഭരണികളിലേയ്ക്കുള്ള നീരൊഴുക്ക് കുറഞ്ഞിരുന്നു. ആയതിനാൽ കേരളത്തിലെ ജലസംഭരണികളിൽ അവയുടെ സംഭരണ ശേഷിയുടെ താരതമ്യേന കുറഞ്ഞ അളവിലുള്ള ജലം മാത്രമേ സംഭരിക്കുവാൻ സാധിച്ചിട്ടുള്ളൂ. അതുകൊണ്ട് തന്നെ ജലവിതരണത്തിൽ നിയന്ത്രണവും ഏർപ്പെടുത്തിയിരുന്നു. ജലസംഭരണികളിൽ നിന്നുള്ള ജലവിതരണത്തിൽ കുടിവെള്ള വിതരണത്തിനു പ്രാധാന്യം നൽകുവാൻ വരൾച്ച അവലോകന യോഗത്തിൽ തീരുമാനമെടുത്തിരുന്നു. |
| (ബി) | ഇതിനെ നേരിടാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | (ബി) | സമീപഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള വരൾച്ചയെ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുവാനും പരിഹാര മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുവാനുമായി വിവിധ ജില്ലകളിൽ മഴക്കുറവ് കാരണം പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ പട്ടിക, രൂക്ഷമായ പ്രശ്നമുള്ള സ്ഥലം, പ്രശ്നബാധിത സ്ഥലം, പ്രശ്നരഹിത സ്ഥലം എന്നിങ്ങനെ തരംതിരിക്കാനും പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവ സമർപ്പിക്കുവാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പ്രധാനമായും സ്രോതസ്സുകളിൽ ലഭ്യമായ ജലം പരമാവധി സംഭരിച്ച് നിർത്താനുള്ള മാർഗ്ഗങ്ങളും |

| | | | |
|---|---|---|---|
| | | | അതുപോലെ ജലവിനിയോഗത്തിലും ഉപഭോഗത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ലഭ്യമായ മഴവെള്ളം പരമാവധി ഭൂജലസംപോഷണത്തിന് ഉപയോഗപ്പെടുത്തി കിണറുകളിലെയും മറ്റും ജലവിതാനം ഉയർത്താൻ ബഹുജന പങ്കാളിത്തത്തോടെയുള്ള പരിശ്രമങ്ങളും നടത്തുന്നതാണ്.<br><br>വരൾച്ചയെ പ്രതിരോധിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ ഭൂജലസംരക്ഷണത്തിനായി കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങളും ജില്ലകളിൽ ഭൂജലവകുപ്പ് അവലംബിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷം ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൻ കീഴിൽ 157 ലക്ഷം രൂപ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും വകുപ്പ് നടപ്പാക്കി വരുന്നു.<br><br>മഴ കുറയുന്നതുമൂലമുണ്ടാകുന്ന കുടിവെള്ള വിതരണ പ്രശ്നം പരിഹരിക്കുന്നതിന് ഒരു പരിധി വരെ ജലനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം - ഭൂജല പരിപോഷണം' പദ്ധതി സഹായകരമാകുന്നുണ്ട്. മഴ ലഭിക്കുന്ന അവസരങ്ങളിൽ മഴവെള്ളം സംഭരിച്ച് വച്ച് കുടിവെള്ള വിതരണപ്രശ്നത്തിന് ബദൽ സംവിധാനമായി ഉപയോഗിക്കുന്നു. മഴവെള്ളം സംഭരിക്കുന്നതിന് ആവശ്യമായ 10000 ലിറ്റർ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണികൾ ഗുണഭോക്തൃ വിഹിതം സമാഹരിച്ചുകൊണ്ട് നിർമ്മിച്ച് നൽകുന്നു. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകി പദ്ധതി ആനുകൂല്യത്തിനായി തെരഞ്ഞെടുക്കുന്നു. പ്രസ്തുത പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. കൂടാതെ മഴവെള്ളം ഉപയോഗപ്പെടുത്തി കിണറുകൾ റീചാർജ് ചെയ്ത് ഭൂജല വിതാനം ഉയർത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**